പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 949 10/02/2016-ൽ മറുപടിക്ക്

# തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.അജിത് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |

(എ) & (ബി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെങ്ങുകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങുകയറ്റം ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന ധനസഹായം 50,000/-രൂപയിൽനിന്നും 1,00,000/-രൂപയായും മരംകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളിയ്ക്ക് നൽകി വന്നിരുന്ന ധനസഹായം 25,000/- രൂപയിൽനിന്നും 50,000/- രൂപയായും വർദ്ധിപ്പിച്ച് 28/11/2014 ലെ സ.ഉ (എം.എസ്) നം.150/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്തവിധം പരുക്ക് പറ്റുന്ന തൊഴിലാളികൾക്കും മരത്തിൽനിന്ന് വീണ് മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ജോലിക്കിടയിൽ അപകട മരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് എത്ര തുകവീതം നൽകുമെന്നും വ്യക്തമാക്കുമോ ?

(സി) കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നിലവിൽ 1,00,000/- രൂപയാണ് നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ